LIBRARY ARCHIVES Kerala Legislative Assembly

കോരയാറിനു കുറുകെ അകൃഡക്റ്റ് നിർമ്മാണവും തുടർന്നുള്ള ഭാഗത്തെ കനാൽ നിർമ്മാണവും

40 [3627] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കുര്യാർകുറ്റി-കാരപ്പാറ പദ്ധതിയുടെ വലതുകര കനാലിന്റെ നിർമ്മാണത്തിന്റെ തുടർച്ചയായി കോരയാറിന് കുറുകെ അകൃഡക്റ്റ് നിർമ്മിക്കുന്നതിനും തുടർന്നുള്ള ഭാഗത്തെ കനാൽ നിർമ്മിക്കുന്നതിനും 2004-05 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കോരയാറിനു കുറുകെ അകൃഡക്റ്റ് നിർമ്മിച്ചാലേ ജലക്ഷാമം അനുഭവിക്കുന്ന വടകരപ്പതി പ്രദേശത്ത് ജലം എത്തിക്കാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ നിർമ്മാണം തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഒ. പി. നമ്പർ 445/2000-ലെ ഹൈക്കോടതി വിധി പ്രകാരം എം.ആർ.ബി.സി.-യുടെ 12075 മീറ്റർ മുതൽ 16125 മീറ്റർ വരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുവാനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്.

ബനിഫിഷ്യറി ഫാർമേഴ്സ് അസോസിയേഷന്റെ ചുമതല

41 [3628] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയാ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന ബനിഫിഷ്യറി ഫാർമേഴ്സ് അസോസിയേഷനുകളുടെ ചുമതലകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രോജക്ട് പ്രദേശത്തും രജിസ്റ്റർ ചെയ്ത എത്ര ബി.എഫ്.എ.-കൾ ഉണ്ട്; ഇവയിൽ എത്രയെണ്ണം ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നു;

(സി) ബി.എഫ്.എ.-കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;